ലാസംരംഭങ്ങളെ സഹായിക്കാൻ സഹായകരമാകുമെന്നത് വ്യക്തമായി തെളിയുന്നു. മറ്റു പല സംസ്ഥാനങ്ങളിലുമുള്ളവർ എന്നോട് ചോദിക്കാറുണ്ട്, നിങ്ങൾ എങ്ങനെയാണ് ഫണ്ട് ഉണ്ടാക്കുന്നത് എന്ന്. ഞാൻ പറഞ്ഞു, നിങ്ങൾ ഞങ്ങളുടെ കമ്പനികളിൽ വന്നു കഴിയുമ്പോൾ മനസ്സിലാക്കിയാൽ മതി എന്ന്. നിങ്ങൾ ഫണ്ട് ഉണ്ടാക്കി പൊതുമേഖലയെ സഹായിക്കാൻ കഴിയുന്നവിധം എല്ലാം ചെയ്യണമെന്ന് ഞാൻ പറഞ്ഞു. ഇതൊരു മാതൃകാപരമായ ബില്ലായി പാസ്സാക്കിയെടുക്കാൻ കഴിയുന്നതിൽ എനിക്ക് സന്തോഷമുണ്ട്. ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു. ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

1999-ലെ കേരള വ്യവസായ പുനരുദ്ധാരണ നിധി ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

മി. സ്പീക്കർ : ഓർഡർ, ഓർഡർ.....

VIII. അവകാശ ലംഘന പ്രശ്നങ്ങൾ

മി. സ്പീക്കർ : പരിസ്ഥിതി സംരക്ഷിച്ചുകൊണ്ട് ശബരിമല വികസനത്തിന് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുവേണ്ടി കേരളനിയമസഭ പരിസ്ഥിതി സമിതിയുടെ നേതൃത്വത്തിൽ തയ്യാറാക്കിയ ചോദ്യാവലിക്ക് പല പ്രാവശ്യം ആവശ്യപ്പെട്ടിട്ടും തിരുവിതാംകൂർ ദേവസ്വം ബോർഡ് മറുപടി നൽകിയില്ല എന്ന് ആരോപിച്ചുകൊണ്ട് തിരുവിതാംകൂർ ദേവസ്വംബോർഡിനെതിരെ അവകാശലംഘന പ്രശ്നമുന്നയിക്കുന്നതിന് പരിസ്ഥിതി സമിതിക്കുവേണ്ടി ചെയർമാൻ പ്രൊഫ. എ.വി. താമരാക്ഷൻ ഒരു നോട്ടീസ് നൽകിയിരുന്നു. എന്നാൽ പരിസ്ഥിതി സമിതിയുടെ ചോദ്യാവലിക്കുള്ള മറുപടി 1998 ജൂലൈ 9-ാം തീയതി പരിസ്ഥിതി സമിതിക്കു ലഭ്യമായിട്ടുള്ള സാഹചര്യത്തിൽ പ്രൊഫ. എ.വി. താമരാക്ഷന് അവകാശ ലംഘനം ഉന്നയിക്കുന്നതിന് ചെയർ അനുമതി നിഷേധിക്കുന്നു.

IX. പരിഗണനയിലിരിക്കുന്ന അവകാശലംഘന പ്രശ്നങ്ങൾ

പത്താം കേരളനിയമസഭയുടെ ഒൻപതാം സമ്മേളനത്തിൽ നക്ഷത്ര ചിഹ്നമിടാത്ത 2844-ാം നമ്പർ ചോദ്യത്തിന് 1999 ഫെബ്രുവരി മാസം 16-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ മറുപടി സഭയുടെ അന്തസ്സും അവകാശങ്ങളും ഹനിക്കുന്ന തരത്തിലുള്ളതാണെന്ന് ആരോപിച്ച് മുഖ്യമന്ത്രിക്കെതിരെ അവകാശലംഘനമുന്നയിക്കുന്നതിന് ശ്രീ. കെ.എ. ചന്ദ്രൻ ഒരു നോട്ടീസ് നൽകിയിട്ടുണ്ട്. നോട്ടീസ് ചെയറിന്റെ പരിഗണനയിലാണ്.

മറ്റു ബിസിനസ്സുകളെല്ലാം പൂർത്തീകരിച്ചുകൊണ്ട് ഈ സമ്മേളനത്തിന്റെ തിരശ്ശീല വീഴാൻ പോകുകയാണ്. കഴിഞ്ഞ മാർച്ച് 18-ാം തീയതിയാണ് ബഡ്ജറ്റ് അവതരണത്തിനായി ഈ സെഷൻ ആരംഭിച്ചത്. ബഡ്ജറ്റ് സമ്മേളനം എന്ന നിലയിൽ വളരെയധികം പ്രാധാന്യമുള്ള ഒരു സമ്മേളനമാണിത്, 13 ദിവസം ഈ സഭ സമ്മേളിക്കുകയുണ്ടായി. 13 ദിവസമാണെങ്കിലും ബഡ്ജറ്റും, അതു കഴിഞ്ഞശേഷം എട്ടു ബില്ലുകളും ഈ സഭ പാസ്സാക്കി; ഒരു ബിൽ സെലക്ട് കമ്മിറ്റിക്ക് അയയ്ക്കുകയും ചെയ്തു. കേരള ആദ്യകാല ശിശുസംരക്ഷണവും ശിശുവിദ്യാഭ്യാസവും ബില്ലാണ്

LIBRARY ARCHIVES Kerala Legislative Assembly

സെലക്ട് കമ്മിറ്റിക്ക് വിട്ടത്. ഇത്രയും ബില്ലുകൾ പരിഗണിക്കുകയും പാസ്സാക്കുകയും ചെയ്യുക എന്നത് സഭയുടെ ചരിത്രത്തിൽ ആദ്യമാണ്; വലിയൊരു റെക്കോർഡാണ്. ഇത് ഒരു അപൂർവ്വസംഭവമാണെന്നു തന്നെ പറയാം. അതാണ് എടുത്തു പറയാനുള്ള ഈ സെഷന്റെ പ്രത്യേകത. ബഡ്ജറ്റ് എന്നു പറയുന്നത് സാധാരണ നടപടിയാണ്. എങ്കിലും ബില്ലുകളുടെ കാര്യത്തിൽ ഒരു റെക്കോർഡാണ് സഭയിൽ ഉണ്ടായിട്ടുള്ളത്. കഴിഞ്ഞ 13 ദിവസത്തിനിടയ്ക്ക് 23 കാളിംഗ് അറ്റൻഷൻ പരിഗണിച്ചു. 150-ലധികം വരുന്ന സബ്മിഷനുകൾ സഭയിൽ വന്നു. നാല് അടിയന്തിരപ്രമേയം വന്നു. ഒരു വാക്കൗട്ട് ഉണ്ടായി; ഇന്ന് ഒരു ബഹിഷ്ക്കരണവും ഉണ്ടായി. ഇത്രയും നടപടികളുണ്ടായി. നിയമനിർമ്മാണത്തിന്റെ കാര്യത്തിൽ, എണ്ണത്തിന്റെ കാര്യത്തിൽ മാത്രമല്ല, അതിന്റെ ഉള്ളടക്കത്തിലും വളരെ പ്രാധാന്യമുള്ള ഒരു സമ്മേളനം കൂടിയാണ് ഇത്. ഇന്ന് പാസ്സാക്കിയിട്ടുള്ള ബിൽ കാരായ്മ-കുടിയായ്മക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതാണ്. എട്ട് ബില്ലുകളിൽ രണ്ട് ധനവിനിയോഗ ബില്ലുകളൊഴിച്ച് ബാക്കി ആറു ബില്ലുകളും വളരെ പ്രാധാന്യമുള്ളതാണ്. കാർഷികരംഗത്തെ സംബന്ധിക്കുന്ന ബില്ലുകളുണ്ട്. വ്യാവസായികരംഗത്തെ സംബന്ധിക്കുന്ന അതിപ്രധാനമായ ഇന്നത്തെ ബില്ലും ഉണ്ട്. ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ ഇൻഡ്യയുടെ ചരിത്രത്തിൽ ആദ്യമായിട്ടാണ് പൊതുമേഖലാസ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി ഫണ്ടിനുള്ള ഒരു ബിൽ പാസ്സാക്കിയത്. വളരെ പ്രാധാന്യമുള്ള ബില്ലാണ് അത്. കഴിഞ്ഞ ദിവസം പാസ്സാക്കിയ റവന്യൂ കാർഡ് ബിൽ, സർവ്വതലസ്പർശിയായ ഒരു ബില്ലാണ്. സാധാരണക്കാരെ സംബന്ധിച്ച് അങ്ങേയറ്റം വിലപ്പെട്ട ഒരു നിയമമാണ് അത്. അതും ഇൻഡ്യക്ക് ആകെ മാതൃകയാണ്. വിദ്യാഭ്യാസരംഗവുമായി ബന്ധപ്പെട്ട, ശിശുക്കളുടെ വിദ്യാഭ്യാസത്തിനുവേണ്ടിയുള്ള ഒരു ബിൽ ഇവിടെ അവതരിപ്പിച്ച് സെലക്ട് കമ്മിറ്റിക്കു വിട്ടു. അങ്ങനെ വളരെയധികം പ്രാധാന്യമുള്ള ഒട്ടുവളരെ ബില്ലുകൾ സഭയിൽ വരുകയും പാസ്സാക്കുകയും ചെയ്തിട്ടുണ്ട്. സഭയുടെ നിലവാരം തന്നെ കഴിഞ്ഞ സമ്മേളനങ്ങളേക്കാൾ മുന്നോട്ടു പോയിട്ടുണ്ട്. ഇൻഡ്യയിൽത്തന്നെ മാതൃകയായി പ്രവർത്തിക്കുന്ന ഒരു നിയമസഭ ആയിട്ട് നമ്മുടെ സഭ മാറിയിട്ടുണ്ട്. നല്ലൊരു അന്തരീക്ഷത്തിലാണ് (പ്രതിപക്ഷം ഇപ്പോഴില്ലെങ്കിലും ഞാൻ പറയുന്നു) 13 ദിവസവും സഭ സമ്മേളിച്ചത്. അതിനു സഹകരിച്ച സഭാനേതാവു കൂടിയായ ബഹുമാന്യനായ മുഖ്യമന്ത്രി, പ്രതിപക്ഷനേതാവ്, കക്ഷിനേതാക്കൾ, മറ്റു അംഗങ്ങൾ പത്രപ്രതിനിധികൾ തുടങ്ങിയ എല്ലാവർക്കും ചെയർ നന്ദി രേഖപ്പെടുത്തുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, ഗവൺമെന്റിന് സഭയിൽ വയ്ക്കാൻ തൽക്കാലം ബിസിനസ്സൊന്നും ഇല്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയാവുന്നതാണ്.

മി. സ്പീക്കർ : സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നു.

(1999 ഏപ്രിൽ മാസം 13-ാം തീയതി ഉച്ചയ്ക്കുശേഷം 1.22-ന് സഭ അനിശ്ചിതകാലത്തേയക്ക് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly